# കേരള സർക്കാർ

## ജലസേചന (പ്രോജക്ട്) വകുപ്പ്

## ദർഘാസ് പരസ്യം

നമ്പർ: DB-67/92

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
എം.വി.ഐ.പി സബ് ഡിവിഷൻ നം.9, മൂവാറ്റുപുഴ,
തീയതി: 10.04.2018

കേരള ഗവർണ്ണർക്ക് വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി, സബ് ഡിവിഷൻ നം. 9, രാമമംഗലം, മൂവാറ്റുപുഴ താഴെ പറയുന്ന പ്രവർത്തികൾക്ക് വേണ്ടി കേരള പൊതുമരാമത്ത്/ജലവിഭവവകുപ്പിലെ രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേര് ആലേഖനം ചെയ്ത് മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ താഴെ കാണിച്ചിട്ടുള്ള തീയതിയിൽ വൈകുന്നേരം 3 മണി വരെ രജിസ്ട്രേഡ് തപാലിൽ മാത്രം സ്വീകരിക്കുന്നതും (കൊറിയർ സ്വീകരിക്കുന്നതല്ല) അന്നേദിവസം 3.30 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരുള്ള കരാറുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാകുന്നു. തപാലിൽ വരുന്ന കാലതാമസത്തിന് കരാറുകാർ മാത്രം ഉത്തരവാദിയായിരിക്കും. ഏതെങ്കിലും കാരണവശാൽ അന്നേദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം മേൽപറഞ്ഞ സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം 3.30 മണിക്ക് തുറക്കുന്നതുമാകുന്നു.

1. ഫാറങ്ങളുടെ വിൽപ്പന : 17.04.2018 ഉച്ചയ്ക്ക് 1 മണിവരെ
2. സ്വീകരിക്കുന്ന തീയതി : 23.04.2018 3 മണിവരെ

| ക്രമ നം. | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില രൂപ | പ്രവർത്തി തീർക്കേണ്ട കാലാവധി | കരാറുകാരുടെ വിഭാഗം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 16/എഇഇ/എം.വി.ഐ.പി-9/ 2017-18 | കൂത്താട്ടുകുളത്തും എം.വി.ഐ.പി സ്റ്റാഫ് ക്വാർട്ടേഴ്സുകൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കൽ അടങ്കൽ തുക - 2,50,000/ | 6250 | 500+ജി.എസ്.ടി | 6 മാസം | 'ഡി' യും അതിനു മുകളിലും |

ദർഘാസ് പ്രമാണങ്ങളും മറ്റ് വിവരങ്ങളും താഴെ ഒപ്പുവച്ച ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും മേൽ കാണിച്ചിട്ടുള്ള തീയതികളിൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില ട്രഷറിയിൽ അടച്ച് രസീത് കരാറുകാരൻ ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അന്നേദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം ഉച്ചക്ക് 1 മണി വരെ ദർഘാസുകൾ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽ പറഞ്ഞ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതുമാകുന്നു. ഈ ജോലികൾക്ക് ദർഘാസ് സമർപ്പിക്കുമ്പോൾ 200/- രൂപ മുദ്രപ്പത്രത്തിൽ ഒരു പ്രാരംഭ കരാർ കൂടി വയ്ക്കേണ്ടതാണ്. അതിനുള്ള സാമ്പിൾ ഫോറം ആഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ളതാകുന്നു. നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്ക് ഉള്ളതും അദ്ദേഹത്തിന് ഏതുസമയത്തും മാറത്തക്കവിധം അധികാരപ്പെടുത്തിയിട്ടുള്ളതും ആയിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. ഗവൺമെന്റ് ഓർഡർ GO(P) No 429/15/Fin dated 28.09.15 പ്രകാരം പറഞ്ഞിട്ടുള്ള പെർഫോർമൻസ്, ഗ്യാരണ്ടി തുടങ്ങിയ വ്യവസ്ഥകളും കേരള പൊതുമരാമത്ത്/ജലവിഭവ പകർപ്പുകളിലെ ദർഘാസുകൾ സംബന്ധിച്ചിട്ടുള്ള പുതുക്കിയ മറ്റെല്ലാ വ്യവസ്ഥകളും നിലവിലുള്ള എല്ലാ നികുതികളും (ജി.എസ്.ടി) ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
എം.വി.ഐ.പി സബ് ഡിവിഷൻ 9,
മൂവാറ്റുപുഴ.

Assistant Executive Engineer
M.V.I.P. Sub Division No. 9,
Ramamangalam - 686 663

(കേരള ഗവർണ്ണർക്കുവേണ്ടി)

Office of the Assistant Executive Engineer
RAMAMANGALAM
at MUVATTUPUZHA
M.V.I.P. Sub Division No. 9

പകർപ്പ് -

1. നോട്ടീസ് ബോർഡ്
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
   എം.വി.ഐ.പി സബ് ഡിവിഷൻ 7, മൂവാറ്റുപുഴ.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   എം.വി.ഐ.പി ഡിവിഷൻ നം.3, മൂവാറ്റുപുഴ